**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3836** **09-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചേർന്ന ജനകീയ സദസ്സിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ജനകീയ സദസ്സിൽ ലഭിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നാല് റൂട്ടുകളിൽ (1.കുരാച്ചിപ്പടി -വളാഞ്ചേരി, 2. തെക്കേകുന്ന് -- പട്ടാമ്പി, 3 . ചേരിക്കല്ല് - പട്ടാമ്പി, 4. പട്ടാമ്പി - കൂട്ടനാട്) റൂട്ട് എൻക്വയറി റിപ്പോർട്ട് തയ്യാറാക്കി, റൂട്ട്ഫോർമുലേഷൻ സർക്കാരിന്റെ പരിഗണനയിലുമാണ് |
| (ബി) | ജനകീയ സദസ്സിൽ വന്ന എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; ഏതൊക്കെ റൂട്ടിലെ ഗതാഗത പ്രശ്നങ്ങൾ ഇത്തരത്തിൽ പരിഹരിക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ലഭിച്ച റൂട്ട് പ്രൊപ്പോസലുകളിൽ പൊതുഗതാഗത സംവിധാനം നിലവിലില്ലാത്ത പ്രദേശങ്ങളിലേക്ക് പൊതുഗതാഗത സംവിധാനം ലഭ്യമാക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസലുകൾ പ്രകാരം നാല് റൂട്ടുകളിൽ റൂട്ട് എൻക്വയറി റിപ്പോർട്ട് തയ്യാറാക്കി, റൂട്ട് ഫോർമുലേഷൻ സർക്കാരിന്റെ പരിഗണനയിലാണ്.അതിൽ തീരുമാനമാകുന്നതനുസരിച്ച് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ കഴിയും |
| (സി) | പട്ടാമ്പി മണ്ഡലത്തിൽ പട്ടാമ്പി കേന്ദ്രമാക്കി ബസ് വെയിറ്റിംഗ് സ്റ്റേഷനും സ്റ്റേഷൻ മാസ്റ്റർ നിയമനവും നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി-യുടെ പ്രവർത്തന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി സർവീസ് ഓപ്പറേഷൻ കുറവുള്ള ബസ് വെയിറ്റിംഗ് സ്റ്റേഷനുകളിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസുകൾ നിർത്തിവച്ചിട്ടുണ്ട്. ആയതിൽ നിയമനം നടത്തുന്നതിന് നിലവിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ